# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/2340/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 11/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/2340/2022 തീയ്യതി: 11/01/2023

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 01-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെപി രത്നസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 01-12-2022 | 08-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-12-2022 | 08-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.എം.ബാലകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),

ശ്രീ. ശ്രീജിത് കെ.വി,ഓഡിറ്റർ ,

ശ്രീ. വിജേഷ് കെ.കെ,ഓഡിറ്റർ,

ശ്രീമതി അപർണ ഡി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. നിർമല കെ.കെ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. അൻസാർ കെ,സെക്രട്ടറി | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മൊയ്തീൻഷാ എൻ കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മിനി കെ.വി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.മുഹമ്മദ് അഷ്റഫ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.സീന ബി മഠത്തിൽ | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വദ ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.ലെവീന ടി.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. ശബ്നം സി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീവിദ്യ വി.സി | അസി.സെക്രട്ടറി | 01-04-2021 | 16-07-2021 |
| ശ്രീ. പ്രിയ വി | അസി.സെക്രട്ടറി | 17-07-2021 | 31-03-2022 |
| ശ്രീമതി. ജയശ്രീ ഒ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ മോഹനൻ വി.ഇ.ഒ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് ഇസ്മയിൽ കെ.ടി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 16-10-2021 |
| ശ്രീമതി. അമ്പിളി എൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-10-2021 | 31-03-2022 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - അപാകതകൾ | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 9 | കെട്ടിട നിർമ്മാണ പെർമിറ്റ്/ഒക്യുപ്പൻസി നൽകുമ്പോൾ ഭൂമിയുടെ തരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല | 1-7 |
| 10 | FTE&OS ലൈസൻസ് -അപാകതകൾ ആവർത്തിക്കുന്നു | 1-8 |
| 11 | ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച | 1-9 |
| 12 | കുടിവെള്ള വിതരണം- കുടിവെള്ള ക്ഷാമം/ വരൾച്ച തടയുന്നതിനുള്ള പദ്ധതികളില്ല. | 1-10 |
| 13 | അസാധാരണ ചെലവുകളിന്മേൽ നിയന്ത്രണമില്ല. | 1-11 |
| 14 | ഹരിത കർമ്മ സേന- മോണിറ്ററിംഗ് ഫലപ്രദമല്ല | 1-12 |
| 15 | പദ്ധതി ചെലവുകൾ നിയന്ത്രിക്കുന്നില്ല. | 1-13 |
| 16 | തനത് ഫണ്ട്- അപാകതകൾ | 1-14 |
| 17 | നിടിയ പറമ്പിൽ മുക്ക് - മീത്തലെ അരയനാട്ട് മുക്ക് ഡ്രെയിനേജ്- അപാകതകൾ | 1-15 |
| 18 | എസ്.എസ്.കെ. പദ്ധതി , അടങ്കൽ ചെയ്ത തുക പര്യാപ്തമല്ല | 1-16 |
| 19 | ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല | 1-17 |
| 20 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-18 |
| 21 | ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം - അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-19 |
| 22 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 23 | പഞ്ചായത്തിലെ കേടായ വസ്തുവകകകൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല: | 1-21 |
| 24 | മെഡിക്കൽ ഓഫീസർ -പി എച്ച് സി-നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 1-22 |
| 25 | മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് | 1-23 |

| | | |
|---|---|---|
| | വരുത്തുന്നില്ല: | |
| 26 | ഹോമിയോ ഡിസ്പൻസറി കണ്ടിൻജന്റ് ചെലവുകൾ- അപാകത | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് - അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 19-02-2021 ലെ 2ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 25-03-2022 ലെ 1/1ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര ചെലവുകളുടെത് ഒഴികെയുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

യഥാർത്ഥ ബജറ്റും പരിഷ്കരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവുമായി വലിയ അന്തരം നിലനിൽക്കുന്നു.

| ഇനം | 19-02-2021 ലെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | 25-03-2022 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | യഥാർത്ഥ വരവ് ചെലവ് (2021-22 റസീറ്റ് & പെയ്മെന്റ് പ്രകാരം) |
|---|---|---|---|
| മുന്നിരിപ്പ് | 2828181 | 5556197 | 8246041 |
| വരവ് | 192292190 | 168750091 | 43633850 |
| ആകെ | 195120371 | 174306288 | 51879891 |
| ചെലവ് | 194258130 | 168796466 | 41451850 |
| നീക്കിയിരിപ്പ് | 862241 | 5509822 | 10428041 |

19-02-2021 ലെ ബജറ്റിലെ മുന്നിരിപ്പായി കാണിച്ച തുകയുടെ മൂന്നിൽ ഒന്ന് മാത്രമാണ് യഥാർത്ഥ (റസീറ്റ് &പെയ്മെന്റ് പ്രകാരം) മുന്നിരിപ്പായി 2021-22വർഷം വന്നിട്ടുള്ളു. അതുപോലെ യഥാർത്ഥ വരവും ചെലവും ബജറ്റിലെ വരവ് ചെലവിന്റെ നാലിൽ ഒന്ന് മാത്രമാണുള്ളത്. പുതുക്കിയ ബജറ്റിലെ മിന്നിരിപ്പും വരവ്/ചെലവും ആദ്യ ബജറ്റിലെയും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവിലെയും തുകകളുമായി വലിയ വ്യത്യാസം നില നിൽക്കുന്നു. ഇപ്രകാരം യഥാർത്ഥ വരവ് ചെലവുമായി വലിയ രീതിയിൽ വ്യത്യാസത്തിൽ ബജറ്റ് തയ്യാറാക്കുന്നതും സാമ്പത്തിക വർഷ അവസാനം ബജറ്റ്

പുതുക്കിയപ്പോഴും ഈ അന്തരം ക്രമീകരക്കാത്തതും ശരിയായ നടപടിയല്ല.

ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

വരവ്/ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|
| 210 | 12215000 | 10462000 | 9821071 |
| 220 | 2373000 | 1434000 | 498801 |
| 230 | 730000 | 827000 | 608241 |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് പഞ്ചായത്തിന്റെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇവിടെ ബജറ്റ് പുതുക്കുമ്പൾ യഥാർത്ഥ വരവ് ചെലവിനനുസരിച്ച് ഇത് പൂർണ്ണമായും ക്രമീകരിച്ചിട്ടില്ല എന്ന് പട്ടികകളിൽ നിന്നും വ്യക്തമാവുന്നു.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ നിലവിലും തുടരുന്നു.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.08.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ, ILGMS റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് ഓഡിറ്റിൽ വാർഷിക കണക്ക് സമർപ്പിച്ചത് 26-08-22 നാണ്. ഈ സമർപ്പിക്കപ്പെട്ട വാർഷിക കണക്കിൽ ലഭ്യമാക്കിയ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് ആയി കൊടുത്തിരിക്കുന്ന തുക 2020-21 -ലെ ബാലൻസ് ഷീറ്റിലെ തുകകൾ തന്നെയാണെങ്കിലും ഇത് ട്രയൽ ബാലൻസിലെ ഓപ്പണിംഗ്(Cr)ന്റെയും ഓപ്പണിംഗ്(Dr) ന്റെയും തമ്മിലുള്ള വ്യത്യാസം കണ്ട് വേണം

കണക്കാക്കുന്നതിന്. നിലവിൽ ഐ.എൽ.ജി.എം.എസ്സ് പരിശോധിച്ചപ്പോൾ ഈ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല.

2) വാർഷിക കണക്കിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി ചെലവഴിക്കാനായി തുക നീക്കിയിരിപ്പില്ല. എന്നാൽ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (A/c No.1541) 19026/- രൂപ നീക്കിയിരിപ്പായി കാണുന്നു.

3) വിവിധ ബാങ്കുകളിലായി വിവിധ ആവശ്യങ്ങൾക്കായി തുടങ്ങിയ അക്കൗണ്ടുകളിൽ 2020-21 ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകകൾ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് ആയി കാണിച്ചിരിക്കുന്നത് മൂന്ന് കാറ്റഗറിയായിട്ടാണ്. അതായത് 1) നാഷണലൈസ്ഡ് ബാങ്ക് , 2) കോ ഓപ്പറേറ്റീവ് ബാങ്ക്, 3)ട്രഷറി അക്കൗണ്ട് ഓഫ് ട്രഡീഷണൽ ഫംഗ്ഷൻ ഫണ്ട് എന്നിങ്ങനെ. 2020-21ബി-17 പ്രകാരമുള്ള കേരള ഗ്രാമീൺ ബാങ്കിലെ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ) ആറ് അക്കൗണ്ടുകളിലെ ആകെ നീക്കിയിരിപ്പ് ഒരു ഹെഡിലും കോ-ഓപ്പറേറ്റീവ് ബാങ്കിലെ രണ്ട് അക്കൗണ്ടിലെ ആകെ നീക്കിയിരിപ്പ് ഒരു ഹെഡിലുമായാണ് 2021-22 ട്രയൽ ബാലൻസിൽ കൊടുത്തിരിക്കുന്നത്. കൂടാതെ 2021-22 B-17 പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസിൽ മേൽ പരാമർശിച്ച പ്രാകാരം തന്നെയാണ് കൊടുത്തിരിക്കുന്നത്.

4) ടെണ്ടർ ഫോം ഇനത്തിൽ 2021-22 വർഷം 143577/- രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5)വാർഷിക കണക്കിലെ SBI E Tener (A/c.40607474941) അക്കൗണ്ടിൽ 24560/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വരവ്/നീക്കിയിരിപ്പ് കൃത്യത മനസിലാക്കുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) സി.എഫ്.സി ഗ്രാന്റിന്റെ (PFMS) യഥാർത്ഥ നീക്കിയിരിപ്പും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും (ഖ-1-4ൽ പരാമർശിച്ചത്) തമ്മിൽ 8902/- രൂപയുടെ വ്യത്യാസം കാണുന്നു.

7) അക്കൗണണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) ബി-14 പ്രകാരം ക്ലോസ്സിംഗ് സ്റ്റോക്ക് മൂല്യം 29698/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

9) ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

10) വസ്തു നികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല. ഇ പെയ്മെന്റിനായുള്ള KGB-E Pay (0043) അക്കൗണ്ടിൽ Cheque Deposited But Not Collected ആയി 02-09-2021മുതലുള്ള 11328/-രൂപയുടെ ചെക്കുകൾ ഉള്ളതായി കാണുന്നു. ഇവ ഏതെന്ന് വ്യക്തമല്ല.

11) KGB ഓൺ ഫണ്ട് (A/c 6837) ൽ Cheque Deposited But Not Collected ആയി 31-03-2012ലെ 366/-രൂപ കാണുന്നു. ഇത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

12) വാർഷിക കണക്കിലെ B-7ലെ Other Deposit എന്ന ഹെഡിൽ (340200199) 72160/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31-03-2022 തീയതിയിൽ വിവിധ വൗച്ചറുകളിലായി വന്ന ഈ വരവുകളിൽ "Treasury Un Identified Amount " എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏത് ഇനത്തിലെ ഡെപ്പോസിറ്റ് ആണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

13) B-18 ലെ Other Advances എന്ന ഹെഡിൽ 18/01/2021 ന് Refreshment Charges From Kila (Training To Members Online) എന്ന് രേഖപ്പെടുത്തി 6500/-രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു. ഇത് ഏതിനത്തിലെ ചെലവാണ് എന്ന് വ്യക്തമല്ല. മെമ്പർമാർ കൈപ്പറ്റിയ മുൻകൂറ് ആണോ എന്ന് വ്യക്തമാക്കേണ്ടതും ആണെങ്കിൽ ഇത് ക്രമീകരിക്കേണ്ടതുമാണ്. കൂടാതെ B-18 ലെ Advance To Other Autharised Agencies എന്ന ഹെഡിൽ ഗ്രാമലക്ഷ്മി മന്ത്രാലയത്തിന് 24578/-രൂപ മുൻകൂർ നൽകിയത് (2020-21ന് മുൻപ് ) നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

14) 2021-22ലെ വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി ചുവടെ പരാമർശിച്ച പ്രകാരം വ്യത്യാസം കാണുന്നു.

| | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| റസിഡൻഷ്യൽ (കറന്റ് ) | 1149423 | 1154303 |
| നോൺ റസിഡൻഷ്യൽ (കറന്റ് ) | 532753 | 527971 |

15) എൻ ആർ ഇ ജി എസ്സിന്റെ 2021-22 ലെ ആകെ ചെലവ് (അഡ്മിനിസ്ട്രേറ്റീവ്, മെറ്റീരിയൽ, വേജസ് സ്കിൽഡ് & അൺ സ്കിൽഡ് ഉൾപ്പടെ) 6,01,82,296/- രൂപയാണ്. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ചെലവും (RP- 30) മെറ്റീരിയൽ ഇനത്തിലെ ചെലവും ഉൾപ്പെടുന്ന തുകയാണ് (9663742/- രൂപ) ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ (I-16) ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുക (3645513/- രൂപ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

17) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ സഹിതം പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 82,46,041 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,36,33,850 |
| ആകെ | 5,18,79,891 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,14,51,850 |
| നീക്കിയിരിപ്പ് | 1,04,28,041 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8229266 | 8229266 | 7752529 | 476737 |
| വികസന ഫണ്ട് (എസ് സി പി) | 0 | 3183526 | 3183526 | 2859334 | 324192 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 605950 | 605950 | 505799 | 100151 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി മുഖേന | 0 | 2012655 | 2012655 | 1023177 | 989478 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 1756963 | 1756963 | 1106445 | 650518 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) PFMS മുഖേന | 0 | 2594000 | 2594000 | 661447 | 1932533 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 4676884 | 4676884 | 3940241 | 736643 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 5185917 | 5185917 | 3554943 | 1630974 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 59266214 | 59266214 | 59266214 | 00 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 5227 | 910855 | 916082 | 916082 | 00 |
| എം.പി. ഫണ്ട് | 25957 | 754 | 26711 | 00 | 26711 |
| ഐ.സി.ഡി.എസ് (പോഷകാഹാരം | 58131 | 723888 | 782019 | 474200 | 307819 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം) | | | | | |
| ജലനിധി | 994 | 296663 | 297657 | 781 | 296876 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 500000 | 00 | 500000 | 258515 | 254125 |
| ശുചിത്വ മിഷൻ ഫണ്ട് | 2716981 | 210814 | 2927795 | 258651 | 2669144 |

1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 31259716 | 10591467 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 23579762 | 3536080 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 9551594 | 5218515 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്), ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം 119 പ്രോജക്കുകൾക്ക് അംഗീകാരം ലഭിച്ചതിൽ 95 പ്രോജക്കുകൾ നടപ്പിലാക്കി. 24 പ്രോജക്കുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8229266 | 8229266 | 7752529 | 476737 | 94.2 |
| വികസന ഫണ്ട് (എസ് സി പി) | 0 | 3183526 | 3183526 | 2859334 | 324192 | 89.82 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 605950 | 605950 | 505799 | 100151 | 83.5 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 2012655 | 2012655 | 1023177 | 989478 | 50.84 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 1756963 | 1756963 | 1106445 | 650518 | 62.98 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 2594000 | 2594000 | 661447 | 1932553 | 25.5 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4676884 | 4676884 | 3940241 | 736643 | 84.25 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 5185917 | 5185917 | 3554943 | 1630974 | 68.56 |
| ആകെ | 0 | 28245161 | 28245161 | 21403915 | 6841246 | 75.78 |

വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 75.78 ശതമാനം തുകയാണ് ചെവഴിച്ചത്. എസ്.സി.പി ഫണ്ടിന്റെ ചെലവ് 89.82 ശതമാനം മാത്രമാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 42,58,175/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിലും നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 10 |

| | |
|---|---|
| അസി.എഞ്ചിനീയർ | 10 |
| വി.ഇ.ഒ | 03 |
| കൃഷി ഓഫീസർ | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കി

അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 78 പുതിയ പ്രോജക്ടുകൾക്ക് 2021-22 വർഷം വികസന സെമിനാറിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം 98 പുതിയ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായും പലതും നടപ്പാക്കിയതായും കാണുന്നു. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത 20പുതിയ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായി കാണുന്നു. ഗ്രാമസഭയുടെ അംഗീകാരം നേടിയ പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾക്കും 09.01.2017ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10/2017 ലെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും എതിരാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാരുടെ ജോലി വിഭജനം രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ച

ചേർക്കുന്നുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതായി രേഖപ്പെടുത്തിയെങ്കിലും തെരുവ് വിളക്ക് രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയതായി കാണുന്നുണ്ടെങ്കിലും ഫീൽഡ് ലെവൽ പരിശോശോധന നടത്തിയതിന് രേഖകളില്ല. 207 സ്ഥാപനങ്ങൾക്ക് മാത്രമാണ് തൻവർഷം എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് നൽകിയത്. എന്നാൽ സഞ്ചയ പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം 968 ആണ്. ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്ത് വെച്ച് മരണപ്പെട്ടവരുടെ/പുനർ വിവാഹം ചെയ്തവരുടെ/മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം നിലവിലില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. വർഷങ്ങൾക്ക് മുമ്പുള്ള സ്ഥിതി വിവര കണക്കുകൾ കാലികമാക്കാതെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ആവർത്തിച്ചതായി കാണുന്നു. ഉദാഹരണമായി, കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ, അങ്കണവാടികളുടെ ഭൗതിക പശ്ചാത്തലം സംബന്ധിച്ച നിലവിലെ അവസ്ഥ എന്നിവ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിനെപ്പറ്റിയുള്ള അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-7 കെട്ടിട നിർമ്മാണ പെർമിറ്റ്/ഒക്യുപ്പൻസി നൽകുമ്പോൾ ഭൂമിയുടെ തരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ കംപ്ലീഷൻ ഫയലുകളുടെ പരിശോധനയിൽ ശ്രീ.സത്യൻ, നെല്ലിയുള്ളതിൽ എന്നവരുടെ ഉടമസ്ഥതയിൽ കീഴരിയൂർ വില്ലേജിലെ 16/94 നമ്പർ റീ സർവ്വെയിലുള്ള 0.0303 Hector സ്ഥലത്ത് ഇതര വ്യവസായാവശ്യത്തിനുള്ള (G1) കെട്ടിടം നിർമ്മിച്ചതിന് 2021-22ൽ ഒക്യുപ്പൻസി നൽകി 10/310 A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ ഫയലിൽ ലഭ്യമാക്കിയ ഭൂനികുതി രസീറ്റിൽ ഭൂമിയുടെ തരം "നഞ്ച" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം തോട്ടം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിട നിർമ്മാണ അനുമതിയ്ക്കായി നൽകിയ മേൽ അപേക്ഷയിൽ പരിശോധന നടത്തിയപ്പോൾ കെട്ടിട നിർമ്മാണം പൂർത്തിയായതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയത്. എന്നാൽ ഭൂനികുതി രസീറ്റിലെ വ്യത്യാസം പരിശോധിക്കപ്പെട്ടിട്ടില്ല.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 2008എന്നിവ പ്രകാരം "നഞ്ച" വിഭാഗത്തിൽപ്പെടുന്ന ഭൂമി വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. നികുതി രസീറ്റിലെയും കൈവശ

സർട്ടിഫിക്കറ്റിലെയും ഈ വ്യത്യാസം പരിശോധിക്കാതെ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വില്ലേജ് ഓഫീസിൽ നിന്നും വ്യക്തത വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-8 FTE&OS ലൈസൻസ് -അപാകതകൾ ആവർത്തിക്കുന്നു

2021-22 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾ ച്ചറൽ നഴ്സറി തുടങ്ങിയവ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2021-22 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 968 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 207 പേർ മാത്രമാണ് ഡി.&ഒ.ലൈസൻസെടുത്തിട്ടുള്ളത് (21.38 %). ശേഷിക്കുന്ന 761 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം.8, തി: 07.12.22)

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, ഫീൽഡ് തല അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (എഫ് ടി ഇ & ഒ എസ്സ് - ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9 ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

ആസ്തി രജിസ്റ്റർ, ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്റർ, ഭൂമിയുടെ ആധാരങ്ങൾ, ഭൂനികുതി ഒടുക്കിയ രശീതുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(1) രണ്ടാം വാർഡിലെ ചാലിൽ കോളനിയിലുള്ള ഭൂമിയുടെ (ഡോക്യുമെന്റ് നം.1115/1970 :റി.സ.77/1) സബ് രജിസ്ട്രാറിൽ നിന്ന് ലഭിച്ച പകർപ്പ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ (ഒറിജിനൽ ആധാരം ഫയലിലില്ല) 121.05 സെന്റ് (48.99 ആർ) ഭൂമിയുടെ നികുതി നാളിതുവരെ ഒടുക്കിയതായി കാണുന്നില്ല.

(2) ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അങ്കണവാടി കെട്ടിടങ്ങളുടെ ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| അങ്കണവാടിയുടെ വിവരം | സർവ്വെ നമ്പർ | ഭൂമി ഗ്രാമ പഞ്ചായത്തിന് കൈമാറിയതായി രേഖപ്പെടുത്തിയ വ്യക്തി |
|---|---|---|
| നാലാം നമ്പർ അംഗനവാടി | റി.സ. 8/6ബി, 2.5 സെന്റ് | അമ്മാളു അമ്മ, തേന്തോടി മീത്തൽ, നമ്പ്രത്ത് കര. |
| ആറാം നമ്പർ അങ്കണവാടി | റി.സ. 62/13, 3 സെന്റ് | എടക്കാടി പത്മനാഭൻ നായർ |

(3) ആസ്തി രജിസ്റ്ററിൽ 20 ഭൂമിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്ററിൽ 17 ഭൂമിയുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 14 ഭൂമിക്ക് 2021-22 വരെ ഭൂനികുതി ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമിക്ക് നികുതി ഒടുക്കിയിട്ടില്ല. ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്ററിൽ ഭൂമി സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല (ഉദാഹരണം - തണ്ടപ്പേര് )

ഗ്രാമപഞ്ചായത്തിന്റെ പേരിലേക്ക് മാറ്റാൻ അവശേഷിക്കുന്ന ഭൂമി രജിസ്റ്റർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കരമടയ്ക്കാൻ അവശേഷിക്കുന്ന ഭൂമിയുടെ കരമടച്ച് രശീത് പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

1-10 കുടിവെള്ള വിതരണം- കുടിവെള്ള ക്ഷാമം/ വരൾച്ച തടയുന്നതിനുള്ള പദ്ധതികളില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 37/22 നമ്പറായി നടപ്പാക്കിയ വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം എന്ന പദ്ധതി പ്രകാരം 33 ദിവസം 1,45,810/- രൂപ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ചെലവ് വിവരം: ഫണ്ട്: വികസന ഫണ്ട് ജനറൽ

ബിൽ നം.15, തീ.15.07.21

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. കരാറുകാരൻ ഹാജരാക്കിയ ട്രിപ്ഷീറ്റും ജി.പി.എസ് ലോഗും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ- 20/5/21 തിയ്യതിയിലെ ജി.പി.എസ് ലോഗ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിന് പുറത്തുള്ള പയ്യോളി -പേരാമ്പ്ര റോഡിൽ അഞ്ചാംപീടികയിലേക്കും തിരിച്ചുമുള്ള യാത്രയുടെ ദൂരവും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത യാത്രയുടെ വിവരം കരാറുകാരൻ സമർപ്പിച്ച ട്രിപ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ട്രിപ് ഷീറ്റിൽ രേഖപ്പെടുത്തിയ അവസാന ട്രിപ്പിന്റെ സമയത്തിന് ശേഷമുള്ള യാത്രകളും ജി.പി.എസ് ലോഗിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കുടിവെള്ള വിതരണത്തിനല്ലാതെ കരാറുകാരൻ നടത്തിയ യാത്രകൾ ജി.പി.എസ് ലോഗിൽ നിന്നും കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.
2. കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് മൂന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതി സംവിധാനമുണ്ടാക്കലും, അവയുടെ നടത്തിപ്പും മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കുപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചെലവായ തുക ലഭ്യമാക്കാനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട്

ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്.താരതമ്യേന കുറഞ്ഞ തനത് വരുമാന സ്രോതസ്സുകളുള്ള ഗ്രാമപഞ്ചായത്ത് ഈ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

3. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത വാട്ടർ കിയോസ്ക് സ്ഥാപിക്കൽ, കുടിവെള്ള പദ്ധതിക്ക് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ കുടിവെള്ള പദ്ധതികൾ എന്നിവയുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നു ഉറപ്പ് വരുത്തുന്നതിലും മണ്ണ് ജലസംരക്ഷണം മുൻ നിർത്തി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം, വരൾച്ച എന്നീ വെല്ലുവിളികളെ ശാശ്വതമായി നേരിടുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രിപ് ഷീറ്റും ജി.പി.എസ് ലോഗും തമ്മിലുള്ള അന്തരം വിശദീകരിക്കേണ്ടതും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 അസാധാരണ ചെലവുകളിന്മേൽ നിയന്ത്രണമില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ (1) 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറയുന്ന പ്രകാരം എല്ലാ അസാധാരണ ചെലവുകൾക്കും വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക, (2)-ാം ഉപചട്ട പ്രകാരം കണക്കാക്കുന്ന മുൻവർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ ഇരുപതു ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. 2020-21 വർഷത്തെ വാർഷിക കണക്ക് പ്രകാരം തനത് വരുമാനത്തെ അപേക്ഷിച്ച് ശമ്പളം, അലവൻസുകൾ, മറ്റു പ്രതിഫലങ്ങൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ആഫീസ് ചെലവുകൾ, ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾ എന്നിവ 2020-21 വർഷത്തെ തനത് വരവിനെ അപേക്ഷിച്ച് 45,25,148/- രൂപ കൂടുതലാണ്. മേൽ വസ്തുത പരിശോധിക്കാതെയാണ് ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തിൽ അസാധാരണ ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്. മേൽ ചെലവുകളെ നിരീക്ഷിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള രജിസ്റ്ററും സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ ധനസ്ഥിതി വിലയിരുത്തി ചെലവുകൾ നിയന്ത്രിക്കുന്ന തരത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാപരമായ ഇടപെടലുകൾ നടത്തുന്നതിലുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. ILGMS സോഫ്റ്റ്‌വെയറിലും അസാധാരണ ചെലവുകളെ നിരീക്ഷിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ സംവിധാനമില്ലാത്തതും അപാകതക്ക് കാരണമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അസാധാരണ ചെലവുകളെ നിയന്ത്രിക്കുന്നതിനാവശ്യമായ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതുമാണ്.

1-12 ഹരിത കർമ്മ സേന- മോണിറ്ററിംഗ് ഫലപ്രദമല്ല

മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായിട്ടുള്ള അപാകതകൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരുന്നു. മേൽ അപാകതകൾക്ക് പുറമെ താഴെ പറയുന്ന അപാകതകളും സ്ഥാപനത്തിൽ നിലനിൽക്കുന്നതായി കാണുന്നു.

22.05.2018 തിയ്യതിയിലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 4235 വീടുകളിൽ നിന്നും 1240 വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഹരിത കർമ്മ സേന അജൈവ മാലിന്യ ശേഖരണം നടത്തുന്നത്. എന്നാൽ ഹരിത കർമ്മസേനയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ നിന്നും നാമമാത്രമായ തുക മാത്രമെ സ്ഥാപനം യൂസർ ഫീ ആയി പിരിച്ചെടുത്തിട്ടുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ മേൽ കണക്ക് പ്രകാരം പ്രതിമാസം 336500 രൂപ യൂസർ ഫീ ഇനത്തിൽ ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. എന്നാൽ 2022 നവംബർ മാസത്തിൽ 57,355/- രൂപ മാത്രമെ യൂസർഫീ ആയി ഹരിത കർമ്മ സേനക്ക് ലഭ്യമായിട്ടുള്ളൂ. ഹരിതകർമ്മസേന പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെ നേരിൽ കേട്ടതിൽ ഭൂരിഭാഗം വീടുകളിൽ നിന്നും യൂസർഫീ ലഭിക്കാറില്ലെന്നും പലരും അശാസ്ത്രീയമായി പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ളവ കത്തിച്ച് സംസ്കരിക്കുന്നുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. വി.ഇ.ഒനിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തൽ (പ്രോജക്ട് നം. 121/22)എന്ന പദ്ധതി മുഖേന 104077 രൂപ തനത് ഫണ്ടിൽ നിന്നും 18.02.2022 തിയ്യതിയിൽ വി.ജി.എഫായി ഹരിതകർമ്മസേനക്ക് കൈമാറിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ച് നാല് വർഷം പൂർത്തിയായിട്ടും വി.ജി.എഫ് നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. യൂസർഫീ ലഭ്യമാവാത്തതും എം.സി.എഫ് ഇല്ലാത്തതിനാൽ മാലിന്യം വേർതിരിച്ച് മൂല്യ സാധ്യതയുള്ളവ വിൽക്കാനും ഹരിതകർമ്മസേനക്ക് സാധിക്കുന്നില്ല. ഹരിതകർമ്മ സേന നേരിടുന്ന മേൽ വെല്ലുവിളി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. യൂസർ ഫീക്ക് പുറമെ മൂല്യ സാധ്യതയുള്ള മാലിന്യ വിൽപനയിലൂടെയും ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ യൂസർ ഫീ

പിരിച്ചെടുക്കുന്നതിലും ഹരിതകർമ്മ സേനയെ പ്രവർത്തന നിരതമാക്കുന്നതിലും മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മിനി എം.സി.എഫിനോട് ചേർന്ന് റോഡരികിൽ മാലിന്യങ്ങൾ കൂട്ടിയിട്ട നിലയിലാണുള്ളത്. ബോട്ടിൽ ബൂത്തുകൾ മിനി എം.സി.എഫുകൾ എന്നിവ നിറഞ്ഞ അവസ്ഥയിലും മാലിന്യം വേർതിരിച്ച് കയ്യൊഴിയുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഹരിത കർമ്മസേനയെ പ്രവർത്തന നിരതമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉറപ്പ് വരുത്തിയും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയും അറിയിക്കേണ്ടതാണ്.

1-13 പദ്ധതി ചെലവുകൾ നിയന്ത്രിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രോജക്ട് നമ്പർ 2/22 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകൾ എന്ന പദ്ധതി മുഖേനയുണ്ടായിട്ടുള്ള ചെലവുകൾ നിയന്ത്രിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ഫോറം അച്ചടിക്കുന്നതിൽ നിയന്ത്രണമില്ല

A. പദ്ധതി പ്രകാരം 12545 ഗുണഭോക്തൃ ഫോറങ്ങൾ സ്ഥാപനം അച്ചടിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ച പൈക്കാട്ട് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്റെ 12.07.21 തിയ്യതിയിലെ 383 നമ്പർ ബില്ല് പ്രകാരം ഒരു ഫോറത്തിന് 2 രൂപ നിരക്കിൽ 13,845/- ഗുണഭോക്തൃ ഫോറങ്ങളുടെ തുകയായ 27690 രൂപയാണ് ക്ലെയിം ചെയ്തിട്ടുള്ളത്. 1300 (13845-12545) ഫോറങ്ങൾക്കായി 2600/- രൂപ അധികമായി അനുവദിക്കപ്പെട്ടു.

B. ഗ്രാമപഞ്ചായത്തിൽ 4235 കുടുംബങ്ങളാണുള്ളത്. ഇടവിള കൃഷി വികസനം ജനറൽ (49/22 ), സുഫലം വിഷരഹിത ഫലം-വനിത (52/22 ) എന്നീ പദ്ധതികൾക്കായി 3900 ഗുണഭോക്തൃ ഫോറങ്ങൾ വീതമാണ് ഗ്രാമപഞ്ചായത്ത് പ്രിന്റ് ചെയ്തിട്ടുള്ളത്. ഇടവിള കൃഷി വികസനം ജനറൽ എന്ന പദ്ധതിയൽ 1000 പേർക്കും സുഫലം വിഷരഹിത ഫലം-വനിത എന്ന പദ്ധതിയിൽ 1306 പേർക്കുമായാണ് ഫണ്ട് അടങ്കൽ ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ പട്ടിക പ്രകാരം യഥാക്രമം 1750, 1388 ഗുണഭോക്താക്കൾ മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആവശ്യകതയിൽ അധികരിച്ച എണ്ണം ഗുണഭോക്തൃ ഫോറം അച്ചടിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

C. ഓരോ പദ്ധതിക്കും ഓരോ ഫോറം എന്ന നിലയിൽ അച്ചടിച്ചത് ഈ ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. സമാഹൃതമായി ഫോറം അച്ചടിച്ച് ചെലവ് ചുരുക്കുന്നതിനുള്ള

സാധ്യത പരിശോധിക്കേണ്ടതാണ്.

2. വർഷ പരിധി കവിഞ്ഞ പത്ര പരസ്യ ബില്ലുകൾ അനുവദിച്ചു .

2.12.2018 മുതൽ 6.3.19 വരെയുള്ള കാലയളവിൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ ദേശാഭിമാനിക്ക് 25,133/- രൂപ അനുവദിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 പ്രകാരം 3 വർഷം കഴിഞ്ഞ ചെലവുകൾക്ക് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. അത്തരത്തിൽ അനുമതി വാങ്ങാതെ നടത്തിയിരിക്കുന്ന മേൽ ചെലവുകൾ തടസ്സപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-14 തനത് ഫണ്ട്- അപാകതകൾ

തനത് ഫണ്ടിൽ നിന്നുള്ള ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും ഉൾപ്പെടെയുള്ളവ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ എ4 പേപ്പറുകൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും റീട്ടെയിൽ നിരക്കിൽ ഭാഗികമായാണ് വാങ്ങിയിട്ടുള്ളത്. വാർഷിക ആവശ്യകത തിട്ടപ്പെടുത്തി ഒന്നിച്ച് എ4 പേപ്പറുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങാതിരുന്നത് സ്ഥാപനത്തിന് നഷ്ടത്തിനടയാക്കിയിട്ടുണ്ട്.
2. രേഖകൾ അപ്‌ലോഡ് ചെയ്യുന്നന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 31.03.2022 തിയ്യതിയിൽ സാനിറ്റേഷൻ ചെലവ് ഇനത്തിൽ 18,000/- രൂപയും വാഹന വാടക ഇനത്തിൽ 21,976/- രൂപയും സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വൗച്ചറുകൾ പരിശോധിച്ചതിൽ അനുബന്ധ രേഖകൾ ILGMS ൽ അപ്‌ലോഡ് ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.
3. മഴക്കാല പൂർവ്വ ശുചീകരണത്തിനായി 1,30,000/- രൂപ സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ചെലവുകൾ നിരീക്ഷിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ച 1,30,000/- രൂപയുടെ വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക

ഓഡിറ്റിൽ തടസ്സപ്പെടുന്നു.

## 1-15 നിടിയ പറമ്പിൽ മുക്ക് - മീത്തലെ അരയനാട്ട് മുക്ക് ഡ്രെയിനേജ്- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ നിടിയപറമ്പിൽ മുക്ക് മീത്തലെ അരയനാട്ട് മുക്ക് ഡ്രെയിനേജ് (പ്രോജക്ട് നം. 111/22) എന്ന പദ്ധതി പ്രകാരം 9,27,057/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.75/26.10.21, 238/22.02.22, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്) പദ്ധതിയുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതി പ്രകാരം 70 മീറ്ററിൽ RCC ഡ്രെയിനേജ് സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ക്വാറി മക്ക് ഫിൽ ചെയ്ത് അതിന് മുകളിൽ പ്ലെയിൻ കോൺക്രീറ്റ് ചെയ്ത് , അതിന് മുകളിൽ RCC യായി ബേസും ഡ്രെയിൻ സൈഡ് വാളും ചെയ്ത് മുകളിൽ സ്ലാബ് ചെയ്യുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഭാവിയിൽ സ്ഥലം ഉടമകൾ റോഡിനുള്ള സ്ഥലം വിട്ടുതരാൻ സാധ്യതയുള്ളതിനാലും വലിയ വാഹനങ്ങൾ കടന്ന് പോകാൻ സാധ്യതയുള്ളതിനാലും വികസന സാധ്യത ഉള്ളതിനാലുമാണ് RCC വാളും ബേസും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 8.12.22 ന് സ്ഥല പരിശോധന നടത്തിയതിൽ ഡ്രെയിൻ ഭാഗികമായാണ് ആസൂത്രണം ചെയ്തതെന്നും വലിയ വാഹനങ്ങൾ കടന്ന് പോവുന്നതിനുള്ള സാധ്യത നിലനിൽക്കുന്നില്ലെന്നും ഡ്രെയിൻ അവസാന ഭാഗത്ത് തറനിരപ്പിൽ നിന്നും ഒരു മീറ്ററോളം ഉയരത്തിലാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ ഡ്രെയിൻ നിർമ്മിച്ച പാത ഉപയോഗപ്പെടുത്തണമെങ്കിൽ വലിയ അളവിൽ എർത്ത് ഫില്ലിംഗ് ആവശ്യമാണ്. മേൽ പാത എത്തിച്ചേരുന്ന ഇടവഴി ഡ്രെയിൻ നിരപ്പിൽ നിന്നും ഒരു മീറ്ററോളം താഴ്ചയിലിയിതിനാൽ പ്രസ്തുത പാതയിലും എർത്ത് ഫില്ലിംഗ് ആവശ്യമായി വരും. പ്രസ്തുത പാതയുടെ ഇരുഭാഗത്തേക്കും ശരാശരി 50 മീറ്റർ അകലത്തിലായി സമാന്തരമായി ടാർ റോഡുകൾ നിലവിലുണ്ടെന്നതും ശ്രദ്ധേയമാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ച വിധത്തിലുള്ള തുടർ പദ്ധതികളൊന്നും 22-23 വർഷത്തിൽ ആസൂത്രണം ചെയ്തിട്ടില്ല. ആസ്തി നിർമ്മാണം പൂർണ്ണമായി ആസൂത്രണം ചെയ്യാത്തതിനും തുടർ പദ്ധതികളുടെ അഭാവവും വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ അനിവാര്യത, മുൻഗണനന എന്നിവ പരിശോധിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിൽ കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 എസ്.എസ്.കെ. പദ്ധതി , അടങ്കൽ ചെയ്ത തുക പര്യാപ്തമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതം (പ്രോജക്ട് നം-4/22) എന്ന പദ്ധതി പ്രകാരം എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് 5,00,000/- രൂപ ഗ്രാമപഞ്ചായത്ത് കൈമാറിയിട്ടുണ്ട്. 2021-22 വർഷത്തിൽ എസ്.എസ്.കെ ആവശ്യപ്പെട്ട തുക 7.7 ലക്ഷം രൂപയായിരുന്നു. തൻവർഷം 23.65 ലക്ഷം രൂപയാണ് എസ്.എസ്.കെ. ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെലവഴിച്ചിട്ടുള്ളത്. 21-22 വർഷത്തിൽ 4,76,737/- രൂപ വികസനഫണ്ട് ചെലവഴിക്കാതെ സ്ഥാപനം നഷ്ടപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി 6,45,000/- രൂപ വികസനഫണ്ട് വകയിരുത്തിയ സാഹചര്യത്തിലും 5,00,000/- ലക്ഷം രൂപ മാത്രം കൈമാറാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായ പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന് കരുത്ത് പകരുന്ന എസ്.എസ്.കെ ക്ക് നൽകേണ്ട ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ കുറവ് വരുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-17 ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. 29.05.2020ലെ സ.ഉ(സാധാ) നം.1009/2020/തസ്വഭവ പ്രകാരം സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതി, കുളത്തിലെ കരിമീൻകൃഷി തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നവർക്ക് ഇതു പ്രകാരം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഈ മേഖലയിൽ തൻവർഷം പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. തുടർവർഷങ്ങളിൽ പ്രസ്തുത മേഖലയിലെ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

തൻവർഷം 8 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് പദ്ധതികൾ 45-60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ളതാണ്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|
| 42/21-22 -മുട്ടഗ്രാമം പദ്ധതി | 3,00,000 |
| 119/21-22 – അടുക്കള മുറ്റത്തെ കോഴിവളർത്തൽ (എസ്.സി) | 1,08,000 |
| ആകെ | 4,08,000 |

ജനറൽ വിഭാഗത്തിന് 25 കോഴിക്കുഞ്ഞുങ്ങളെ വീതവും എസ്.സി വിഭാഗത്തിന് 10 കോഴിക്കുഞ്ഞുങ്ങളെ വീതവുമാണ് വിതരണം ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജനറൽ വിഭാഗത്തിന് 25 വീതവും എസ്.സി വിഭാഗത്തിന് 10 വീതവും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

2) 2019-20, 2020-21, വർഷങ്ങളിലെ പദ്ധതികൾ പരിശോധിച്ചതിലും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയവർക്ക് തന്നെ വീണ്ടും ആനുകൂല്യം നൽകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ രേഖകൾ വെറ്ററിനറി സർജൻ സൂക്ഷിക്കുന്നില്ല. കോഴികളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് പരിശോധിക്കുന്നതിനാവശ്യമായ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) പദ്ധതി മോണിറ്ററിംഗ് ചെയ്യപ്പെട്ടിട്ടില്ല.

ഗുണഭോക്താക്കൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കാതെ വ്യത്യസ്ത രീതിയിൽ ആനുകൂല്യങ്ങൾ നൽകുകയും ആനുകൂല്യങ്ങൾ കൈപ്പറ്റിയവർ തന്നെ വീണ്ടും കൈപ്പറ്റാനുള്ള സാധ്യത നിലനിൽക്കുകയും ചെയ്യുന്നത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്. ഇത് ഒരു ഘട്ടത്തിലും മോണിറ്ററിംഗ് ചെയ്യപ്പെട്ടിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-19 ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം - അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം -93/21-22, ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം (SO)

നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തിയ തുക – 200200/-

ചെലവ് - 138600/-

വൗച്ചർ നം 1) 22100548 Dtd- 29-12-2021, തുക- 24000/-

2) 22100544 Dtd- 29-12-2021,തുക - 10200/-

പദ്ധതി പ്രകാരം 13 ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മിയ്ക്കുന്നതിന് വിഹിതം നൽകുന്നതിനായാണ് (15400/-രൂപ വീതം) (ശുചിത്വ മിഷൻ ഗ്രാന്റ് -12000/- + തനത് ഫണ്ട് -3400/-) പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2020-21ൽ പദ്ധതിയിൽ ചെലവില്ല. പദ്ധതി പരിശോധിച്ചതിൽ 2021-22ൽ ഒൻപത് പേർ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും കൈപ്പറ്റിയ ശ്രീമതി.വിനിജ, പുതുശ്ശേരി കുഴിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 4/18A നമ്പർ വീടിന് (73.59 $M^2$ വിസ്തീർണ്ണം, RCC വീട്) 2016 ഒന്നാം അർദ്ധ വർഷം മുതൽ പഞ്ചായത്തിൽ വസ്തുനികുതി അടവാക്കിവരുന്നുണ്ട്. ഒക്യൂപ്പൻസി നൽകിയ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചത് പ്രകാരം കെട്ടിടത്തിൽ ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാണ്. കംപ്ലീഷൻ പ്ലാനിൽ ടോയ്‌ലെറ്റ് നിർമ്മിച്ചതായി കാണിക്കുകയും നിർമ്മാണം പൂർത്തിയായതായി പരിശോധന നടത്തിയ എൽ.എസ്.ജി.ഡി വിഭാഗം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മുഴുവൻ തുകയും കൈപ്പറ്റിയ മറ്റൊരു ഗുണഭോക്താവായ ശ്രീ.സുനി, മീത്തലെ മണ്ണുവളപ്പിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 1/47A നമ്പർ വീടിന് (94.43 $M^2$ വിസ്തീർണ്ണം, RCC വീട്) 2019 രണ്ടാം അർദ്ധ വർഷം മുതൽ ഒക്യൂപ്പൻസി നൽകി വസ്തു നികുതി അടവാക്കിവരുന്നുണ്ട്. ഒക്യൂപ്പൻസി നൽകിയ കെട്ടിടത്തിന്റെ ക്രമവൽക്കരണ പ്ലാനിൽ ടോയ്‌ലെറ്റ് നിർമ്മിച്ചതായി കാണിക്കുകയും നിർമ്മാണം പൂർത്തിയായതായി പരിശോധന നടത്തിയ എൽ.എസ്.ജി.ഡി വിഭാഗം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ടോയ്‌ലെറ്റ് ഉൾപ്പടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിട നിർമ്മാണം പൂർത്തിയായതായി കെട്ടിട ഉടമ സാക്ഷ്യപ്പെടുത്തി ഒക്യൂപ്പൻസിയ്ക്കായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും എൽ.എസ്.ജി.ഡി വിഭാഗം പരിശോധന നടത്തി നിർമ്മാണം കെ.പി.ബി.ആർ പ്രകാരം പൂർത്തിയാക്കിയതായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത് ഒക്യൂപ്പൻസി അനുവദിച്ച മേൽ കെട്ടിടങ്ങളുടെ കെട്ടിട ഉടമകളെ “ടോയ്‌ലെറ്റ് നിർമ്മാണം"-പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് എങ്ങിനെ എന്നും ഇത് പരിശോധിക്കാതെ ടോയ്‌ലെറ്റ് നിർമ്മാണത്തിന് തുക നൽകിയതെങ്ങനെ എന്നും വ്യക്തമാക്കേണ്ടതാണ്. അനർഹരായവർക്ക് അനുവദിച്ച ആനുകൂല്യം ഓഡിറ്റ് അംഗീകരിക്കുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ

വൗച്ചറുകൾ പ്രകാരം കൈപ്പറ്റിയ തുക (15400x2) =30,800/- മേൽ പരാമർശിച്ച രണ്ട് ഗുണഭോക്താക്കളിൽ നിന്നും തിരിച്ച് ഈടാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-20 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(1) വിള വിസ്തൃതി കണക്കിലെടുക്കാതെ വിത്തുകളും തൈകളും വിതരണം ചെയ്തു

തൻവർഷം വിത്തുകളും തൈകളും വിതരണം ചെയ്യതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ കൃഷി ഓഫീസർ നടപ്പിലാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | പ്രോജക്റ്റ് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പച്ചക്കറി സ്വയം പര്യാപ്ത ഗ്രാമം (വനിത) | 17/2021-22 | 1,22,400 |
| 2 | സുഫലം വിഷരഹിതഫലം (വനിത) | 52/2021-22 | 2,00,000 |
| 3 | ഇടവിളകൃഷി വികസനം (ജനറൽ) | 49/2021-22 | 3,00,000 |

ക്രമ നമ്പർ ഒന്ന് പ്രകാരം 272 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്തുകളടങ്ങിയ ഓരോ കിറ്റ് വീതം വിതരണം ചെയ്തിട്ടുണ്ട്. ക്രമ നമ്പർ രണ്ട് പ്രകാരം 1250 ഗുണഭോക്താക്കൾക്ക് 10 വീതം വാഴക്കന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ക്രമ നമ്പർ മൂന്ന് പ്രകാരം മഞ്ഞൾ, ചേമ്പ് എന്നിവയടങ്ങിയ ഓരോ കിറ്റുകൾ വീതം 1000 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ) നം.22/2018 /തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ കർഷകരുടെ സ്ഥല വിസ്തൃതി പരിഗണിക്കാതെ എല്ലാവർക്കും ഓരോ കിറ്റ് വീതം വിതരണം ചെയ്തതായി കാണുന്നു. ഇത് വിള വർധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്നതല്ല. വിതരണം ചെയ്ത വിത്തുകൾ കാർഷികാവശ്യത്തിന് ഉപയോഗിച്ചുവെന്നും ഈ മേഖലയിലെ വിള വർദ്ധനവിന് സഹായകരമായെന്നും ഉറപ്പു വരുത്തുന്ന എന്തെങ്കിലും പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥനോ വർക്കിംഗ് ഗ്രൂപ്പോ നടത്തിയതായി കാണുന്നില്ല.

കാർഷിക മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്

വീഴ്ച സംഭവിച്ചിട്ടുണ്ട്. വിള വർദ്ധനവ് എന്ന ലക്ഷ്യത്തിന് പകരം വ്യക്തികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. അപാകതകൾക്ക് മറുപടി നൽകേണ്ടതും തുടർവർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള പരിശോധന പ്രോജക്ട് നടപ്പിലാക്കുന്ന വേളയിൽ നടത്തി അറിയിക്കേണ്ടതുമാണ്.

(2) പച്ചക്കറി സ്വയം പര്യാപ്ത ഗ്രാമം , സുഫലം - വിഷരഹിത ഫലം എന്നീ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

തൻവർഷം വികസന ഫണ്ട് ചെലവഴിച്ച് കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി സ്വയം പര്യാപ്ത ഗ്രാമം (പ്രോജക്ട് നം. 17/21-22 ), വിഷരഹിത ഫലം (52/21-22) എന്നീ പ്രോജക്ടുകൾ വനിതാഘടക പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു. സ.ഉ(കൈ) നം.11/2018 തസ്വഭവ, തീ.29.01.2018 ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ കാർഷിക മേഖലയിലെ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ കാർഷിക മേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയതിന് മറുപടി നൽകേണ്ടതും തുടർവർഷങ്ങളിൽ പദ്ധതി രൂപീകരണ വേളയിൽ മേൽ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-21 പഞ്ചായത്തിലെ കേടായ വസ്തുവകകകൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല:

പഞ്ചായത്ത് ഓഫീസിൽ 08.12.22 2.00 Pm ന് പരിശോധന നടത്തിയതിൽ കുറുണിമല കുടിവെള്ള പദ്ധതിയിൽ ഉപയോഗിച്ച് കേടുവന്ന മോട്ടോർ, കഴിഞ്ഞ വർഷം പൊളിച്ചുമാറ്റപ്പെട്ട ഇ-ടോയ് ലറ്റ് അവശിഷ്ടങ്ങൾ, സർവർ റൂമിൽ സൂക്ഷിച്ച നിലയിൽ കേടുവന്ന കമ്പ്യൂട്ടർ എന്നിവ കാണപ്പെട്ടു. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രതിപാദിക്കുന്ന പ്രകാരം മേൽ വസ്തുവകകൾ കയ്യൊഴിയുന്നതിന് ലേല നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 മെഡിക്കൽ ഓഫീസർ -പി എച്ച് സി-നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

1. പി എച്ച് സിയിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി- ഉപകരണങ്ങൾ ലഭ്യമായില്ല:

പ്രോ.നമ്പർ: 54/22

അടങ്കൽ : 2,50,000

ചെലവ് : 1,17,277 ബിൽ നം.247/08.03.22

ഫണ്ട് : മെയിന്റനൻസ്-റോഡിതരം.

മേൽ പദ്ധതി പ്രകാരം താഴെകൊടുത്ത ഉപകരണങ്ങൾക്ക് കെൽട്രോണിന് തുക നൽകിയിട്ടുണ്ട്.

1. Multifunction Printer : 20,018

2. Laser Printer : 12,953

3. Desktop Intel Core I5 (2എണ്ണം) : 84,306

എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

G.O.(Rt)No.99/2021/ITD പ്രകാരം എല്ലാ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളും ഡെസ്ക്ടോപ്പിനു പകരം ലാപ് ടോപ്പ് പർചെയ്സ് ചെയ്യുണമെന്ന് നിഷ്കർഷിക്കുന്നു. ഈ ഗവൺമെന്റ് ഓർഡർ നിലവിലിരിക്കെ ഡെസ്ക് ടോപിന് ഓർഡർ കൊടുത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ 1,17,277/- രൂപ നൽകി കെൽട്രോണിൽ നിന്നും ഓർഡർ ചെയ്ത ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ സഹിതം അറിയിക്കുന്നത് വരെ ചെലവ് തുകയായ 1,17,277/- രൂപ തടസ്സത്തിൽ വെക്കുന്നു.

2. പി എച്ച് സിയിലേ ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം, പേര് - 59/22 , പാലിയേറ്റീവ് കെയർ പ്രവർത്തനം

അടങ്കൽ - 500000/- ബിൽ നം.301/30.03.22

ചെലവ് - 441441/- ഫണ്ട് – വികസന ഫണ്ട് (പൊതുവിഭാഗം)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി എച്ച് സി )

മേൽ പദ്ധതിയിൽ പി എച്ച് സിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 30,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്ന് നാളിതുവരെയായി 10,524/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. അടിയന്തിരമായി മുഴവൻ തുകക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുക 10,524/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-23 മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻ്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല:

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. നിലവിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുടെ വിവരങ്ങൾ ആധാരമാക്കി മാത്രമാണ് പെൻഷൻ റദ്ദ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. റദ്ദ് ചെയ്യാൻ അപേക്ഷ ലഭിക്കുന്നവരുടെ പെൻഷൻ മാത്രമാണ് റദ്ദ് ചെയ്യപ്പെടുന്നത്. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെൻ്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ റദ്ദ് ചെയ്യാൻ അപേക്ഷ നൽകാത്ത അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. ചില ഉദാഹരണങ്ങൾ ചുവടെ കൊടിക്കുന്നു.

| പേര് | മരണം/പുനർവിവാഹം നടന്ന തിയതി | അധികമായി നൽകിയ തുക |
|---|---|---|
| റുഖിയ | 30.12.21 | 16000 |
| നാരായണി | 12.01.20 | 38400 |
| നിഷ | 28.02.21 (പുനർവിവാഹം ) | 9500 |
| അനന്തൻ നായർ | 22.01.22 | 1600 |
| സതീഷ് കുമാർ എൻ | 09.03.20 | 33800 |
| മൊയ്തു.കെ | 27.08.20 | 1600 |
| പാത്തുമ്മ | 11.10.20 | 1600 |
| ശങ്കരൻ നായർ | 20.07.20 | 8000 |

| | | |
|---|---|---|
| പേരടി | | |
| ഇബ്രാഹിം | 6.02.21 | 3200 |
| കൃഷ്ണൻ പി കെ | 03.03.21 | 1600 |
| കല്ല്യാണി അമ്മ | 16.01.21 | 1600 |
| ഇസ്മയിൽ | 06.10.20 | 11200 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കനവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സൂചിപ്പിച്ച എല്ലാ അപാകതകളും പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-24 ഹോമിയോ ഡിസ്പൻസറി കണ്ടിൻജന്റ് ചെലവുകൾ- അപാകത

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രോജക്റ്റ് നം- 28/21-22

വകയിരുത്തിയ തുക =168000/- (MG Non Road)

ചെലവ് --- 100633/-

ബിൽ നം --- 15/21-22 Dtd 31/03/222, ബിൽ തുക= 71412/-

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലെ കണ്ടിൻജന്റ് ചെലവുകൾ ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ 71412/- രൂപ

ഹോമിയോ ആശുപത്രി പെയിന്റ് ചെയ്യുന്നതിനായാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനായി "ഇന്ത്യൻ പെയിന്റ്സ്, കൊയിലാണ്ടി" എന്ന സ്ഥാപനത്തിൽ നിന്നും 31412/- രൂപയ്ക്ക് പെയിന്റ് വാങ്ങിയതിനും പെയിന്റ് അടിച്ചതിന്റെയും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 40000/-രൂപയും (ആകെ 71412/- രൂപ) ശ്രീ.കുഞ്ഞിരാമൻ എന്നവർക്ക് ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. 28/3/22മുതൽ 31/03/22വരെയുള്ള തീയതികളിലെ 4ദിവസം ഇദ്ദേഹം പ്രവൃത്തി ചെയ്തതിന്റെ മസ്റ്റർ റോളും, പെയിന്റ് വാങ്ങിയതിന്റെ ബില്ലും ഫയലിൽ വച്ചിട്ടുണ്ട്. ശ്രീ.കുഞ്ഞിരാമൻ എന്നവരെ ക്വട്ടേഷൻ മുഖേനയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കണ്ടിൻജന്റ് ചെലവുകൾ ചെയ്യുന്നതിനായാണ് പദ്ധതി ആസൂത്രണം ചെയ്തത്. എന്നാൽ ഈ തുക ഉപയോഗിച്ച് മരാമത്ത് പണികൾ ചെയ്തു.

2) മരാമത്ത് ജോലികൾക്ക് പ്രത്യേകം പദ്ധതി തയ്യാറാക്കാതെയും പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ പരിശോധനയില്ലാതെയുമാണ് അടിയന്തിരമല്ലാത്ത ഈ മരാമത്ത് പണി ചെയ്തിരിക്കുന്നത്. വിശദ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും വാല്യേഷൻ ഇല്ലാതെയും ക്വട്ടേഷനിലൂടെ എഗ്രിമന്റ് ഇല്ലാതെ ചെലവ് ചെയ്തു.

3) ഫയലിൽ ലഭ്യമാക്കിയ പെയിന്റ് ബില്ലുകൾ, മസ്റ്റർ റോൾ, തുക കൈപ്പറ്റിയതായ രസീറ്റ് എന്നിവയിലെ തീയതികളിൽ തിരുത്തൽ വരുത്തിയതായി കാണുന്നു. ഇപ്രകാരം രേഖകളിൽ തിരുത്തൽ വരുത്തിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

4) പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 30-03-2022 ലെ തീരുമാനം 1 പ്രകാരം ഹോമിയോ ആശുപത്രി പെയിന്റ് വാങ്ങിയ നടപടി സാധൂകരിച്ച് നൽകുകയും ഈ തീരുമാനം ഭരണ സമിതിയുടെ 30/03/2022ലെ 14/1നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രാകരം പൊതുമരാമത്ത് ജോലി എസ്റ്റിമേറ്റ് ഇല്ലാതെയും വാല്യേഷനില്ലാതെയും പദ്ധതി വെയ്ക്കാതെയും നടപ്പിലാക്കിയത് അംഗീകരിച്ച് നൽകിയ കമ്മിറ്റി തീരുമാനം ശരിയായ നടപടിയല്ല.

5) ബിൽ പ്രകാരം തുക മുഴുവനും ശ്രീ.കുഞ്ഞിക്കണ്ണൻ എന്ന പ്രവൃത്തി ചെയ്ത വ്യക്തിക്കാണ് കൈമാറിയത്, എന്നാൽ 40,000/-രൂപ കിട്ടി ബോധിച്ചതായ തീയതി രേഖപ്പെടുത്താത്ത രസീറ്റ് മാത്രമാണ് ഇദ്ദേഹം ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം രേഖകൾ പ്രകാരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 01.12.2022 മുതൽ 03.12.2022വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് -മേലടി | 2021-22 | 107000 | ലൈഫ് ഭവനം (പട്ടിക ജാതി ) | 107000 | 0 |
| | 2021-22 | 50000 | നെൽ കൃഷി വികസന പദ്ധതി | 50000 | 0 |
| | 2021-22 | 401059 | അങ്കണവാടി അനുപൂരക പോഷകാഹാരം | 401059 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 200000 | 0 |
| | 2021-22 | 102225 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത യൂണിഫോം പഠനോപകരണങ്ങൾ പഠനയാത്ര (ജനറൽ) | 102225 | 0 |
| | 2021-22 | 100000 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 100000 | 0 |
| | 2021-22 | 8800 | പച്ചക്കറി കൂലി ചെലവ് സബ്സിഡി | 8800 | 0 |
| | 2021-22 | 20000 | വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടൽ | 19810 | 190 |
| | 2021-22 | 100000 | ഇടവിള കൂലി ചെലവ് കിഴങ്ങു വർഗ്ഗം | 100000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2021-22 | 60000 | നെൽകൃഷി വികസന പദ്ധതി | 60000 | 0 |
| | 2021-22 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 100000 | 0 |
| | 2021-22 | 114675 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത യൂണിഫോം പഠനോപകരണങ്ങൾ പഠനയാത്ര (ജനറൽ) | 114675 | 0 |
| | 2021-22 | 150000 | മുട്ടഗ്രാമം പദ്ധതി | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 225000 | പശുഗ്രാമം | 225000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തിയതി |
|---|---|---|---|---|
| 2016/17 | 03 | 3839 | മാധവൻ | 1210100010 തിയതി: |

| | | | | |
|---|---|---|---|---|
| | | | | 15.04.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതു പരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവന നിർമമാണം പട്ടികജാതി | |
| | | | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | 2012-13 | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ- തൊഴിൽ ലഭ്യമാക്കൽ- MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |

| | | | | | |
|---|---|---|---|---|---|
| | | | 3.4.5.10 | വേതന വിതരണ ത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15 (അവലോകനം) | 4.3.2 | 60 വയസ്സ് പൂർത്തിയാ കാത്തവർക്ക് പെൻഷൻ | |
| 2019-20 | 1-17,1-18 | 2020-21 | അനുബന്ധം-2-1.59 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം-1-1 | പെൻഷൻ അപേക്ഷകൾ | |
| 2019-20 | 1-15 | 2020-21 | അനുബന്ധം-1-15 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,36,33,850 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,14,51,850 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,89,223 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,04,077 | ജയശ്രീ.ഒ ,<br>വി.ഇ.ഒ |
| 1-13 | 25,133 | അൻസാർ കെ,<br>സെക്രട്ടറി |
| 1-14 | 1,30,000 | അൻസാർ.കെ,<br>സെക്രട്ടറി |
| 1-19 | 30,800 | ജയശ്രീ.ഒ,<br>വി.ഇ.ഒ |
| 1-22 | 1,27,801 | ഡോ.മുഹമ്മദ് അഷ്റഫ്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

| | | |
|---|---|---|
| 1-24 | 71,412 | ഡോ.ലവീന.ടി.ടി<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയശ്രീ.ഒ ,<br>വി.ഇ.ഒ | വി.ഇ.ഒ,<br>കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | ശിവശൈലം,<br>എടക്കുളം,<br>കൊയിലാണ്ടി,<br>67330 |
| അൻസാർ കെ,<br>സെക്രട്ടറി | സെക്രട്ടറി,<br>കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | കുന്നത്ത് വീട്,<br>തുറയൂർ പി.ഒ,<br>കോഴിക്കോട് |
| ഡോ.മുഹമ്മദ് അഷ്റഫ് | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | രാരാപുരത്ത്<br>കണ്ടി (H)<br>കാവിൽ (പി.ഒ) |

| | | |
|---|---|---|
| | കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | 673 614 |
| ഡോ.ലവീന.ടി.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | താഴെ പുള്ളിക്കണ്ടി വീട്, മാങ്കാവ് (പി.ഒ) കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി1/ 2688/2018 തീയതി-29.04.2019 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1315/2018(2) തീയതി 01.08.2018 | 2 | 27(എ), 38 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018(3) തീയതി 01.08.2018 | 2 | 12, 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/ 1315/2018(5) തീയതി 01.08.2018 | 2 | 3-8, 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി1/ 1315/2018(7)തീ. 01.08.2018 | 2 | 3-1, 4-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/ 1315/2018(8)തീ. 01.08.2018 | 1 | 3-9 |

| | | | |
|---|---|---|---|
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018(9) തീയതി 01.08.2018 | 8 | 2-1, 2-2, 3-3, 3-4, 3-5, 3-6, 3-9, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018(10) തീയതി 01.08.2018 | 4 | 3-2, 3-5, 3-10, 3-12 |
| 2010-11, 11-12 | കെ.എസ്.എ.കെ.കെ.ഡി.പി2/ 807/15 തീയതി 19.10.2015 | 13 | 1-5, 1-10, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-15, 4-4, 4-6 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി2/ 17/15 തീയതി06.01.2015 | 7 | 3-1, 3-3, 3-4, 3-5, 3-6, 3-7 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി1/ 4/2017 തിയതി.23.03.2017 | 6 | 2-1, 3-1, 3-7, 3-10, 3-13, 3-17(7),4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1720/2018 തീയതി 22.09.2018 | 8 | 2-1(1), 2-1(2), 2-2, 3-2, 3-4, 3-5, 3-8, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി1/ 311/2018 തിയതി.21.02.2018 | 19 | 2-1(1), 2-2, 2-3, 2-7, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13,3-16, 3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി1/ 648/2019 തിയതി-27.05.2019 | 16 | 1-10, 1-12, 2-1(1,2,3), 2-3, 2-4, 3-1, 3-2, 3-3(1)(2), 3-5, 3-6, 3-8, 3-10, 3-11, 3-15, 3-16, |

| | | | |
|---|---|---|---|
| | | | 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി1/ 648/2019 തിയതി-27.05.2019 | 5 | 1-1 To 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1271/2021 തിയതി-17.01.22 | 10 | 1-2(5), 1-4(1), 1-7-1 (സമാഹൃതം), 1-9, 1-11, 1-12, 1-13, 1-14, 1-15 (സമാഹൃതം), 1-16, 1-17(സമാഹൃതം), 1-18 (സമാഹൃതം), 1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി5/ 1350/2022 തിയതി 16.07.22 | 37 | 1-1 To 1-37 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്